**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4988** **11-08-2021 - ൽ മറുപടിയ്ക്ക്**

**മിസ്ക് അഥവാ മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കുട്ടികൾക്കുള്ള വാക്സിൻ ഇതുവരെ ലഭ്യമല്ലാത്തതു കൊണ്ടും ആദ്യ രണ്ട തരംഗത്തിലും കോവിഡ് ബാധിക്കപ്പെട്ടത് വളരെക്കുറച്ച് കുട്ടികൾക്കാണ് എന്നത് കൊണ്ടും കോവിഡിന്റെ മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്നും കുട്ടികളെ ബാധിച്ചേക്കാമെന്നുമുള്ള ആശങ്ക നിലനിൽക്കുന്നുണ്ട്. ഇപ്പോഴത്തെ വേഗതയിൽ വാക്സിൻ നൽകിയാൽ കുറച്ച് നാളുകൾ കൊണ്ട് 18 വയസ്സിന് മുകളിലുള്ളവർക്കെല്ലാം വാക്സിൻ ലഭിക്കും. കുട്ടികളുടെ വാക്സിൻ ലഭ്യമല്ലാത്തതിനാൽ കുട്ടികൾ മാത്രമാകും അപ്പോഴും വാക്സിൻ കിട്ടാതെ ശേഷിക്കുന്നതെന്നതും ആശങ്കയ്ക്ക് കാരണമാകുന്നു. |
| (ബി) | മിസ്ക് അഥവാ മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം ദക്ഷിണേന്ത്യയിൽ വ്യാപകമായേക്കാമെന്ന മെഡിക്കൽ വിദഗ്ധരുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കോവിഡ് ബാധിച്ച കുട്ടികളെയോ കൊവിഡ് ബാധിച്ച വ്യക്തിയുമായി സമ്പർക്കം പുലർത്തുന്ന കുട്ടികളേയോ ആണ് പ്രധാനമായും ഈ രോഗം ബാധിക്കാനിടയുള്ളതെന്ന വിദഗ്ധാഭിപ്രായം കണക്കിലെടുത്ത് എന്തെല്ലാം ജാഗ്രതാ നിർദ്ദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C) എന്നത് വൈറൽ രോഗങ്ങൾ കുട്ടികളിൽ ഉണ്ടാക്കാവുന്ന രോഗങ്ങളുടെ ഒരു ശ്രേണിയാണ്. ശരീരത്തിലെ മിക്ക അവയവങ്ങളെയും കോശങ്ങളെയും ഒരു പോലെ ബാധിക്കാവുന്ന ഈ രോഗം കോവിഡ് 19 വന്ന കുട്ടികളിലും കോവിഡ് മുക്തരായ കുട്ടികളിലും കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന ആശങ്ക ലോകമെമ്പാടും നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും |

| | | | |
|---|---|---|---|
| | | | കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു കിടക്കകൾ സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, രോഗമുള്ളവരുമായി കുട്ടികൾ അകലം പാലിക്കുന്നുണ്ടെന്ന് രക്ഷാകർത്താക്കൾ ഉറപ്പ് വരുത്തേണ്ടതും മറ്റുള്ളവരെപ്പോലെ തന്നെ കുട്ടികളും എസ്.എം.എസ് പ്രതിരോധം പാലിക്കേണ്ടതുമാണ്. ഇതിനായുള്ള അവബോധം മീഡിയ വഴി നിരന്തരമായി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ